## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5307 | | 23.05.2017-ൽ മറുപടി നൽകേണ്ടിയിരുന്നത് | |
|---|---|---|---|
| **കേരളത്തിലെ ശുചിത്വ നഗരങ്ങൾ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | കേന്ദ്ര നഗര വികസന മന്ത്രാലയം നടത്തിയ സർവ്വേയിൽ കേരളത്തിൽ ശുചിത്വനഗരങ്ങളില്ല എന്നു കണ്ടെത്തുകയുണ്ടായോ ; | (എ) | ഇല്ല. |
| (ബി) | ആദ്യ 250 സ്ഥാനങ്ങളിൽ കേരളത്തിലെ ഒരു നഗരത്തിനും ഉൾപ്പെടാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതിൽ കേരളത്തിൽ നിന്ന് ഏറ്റവും ഉയർന്ന റാങ്ക് ലഭിച്ച നഗരമേതാണ്; എങ്കിൽ എത്രയാണ് ആ നഗരത്തിന്റെ റാങ്ക്; | (സി) | കോഴിക്കോട്, റാങ്ക് - 254 |
| (ഡി) | തുറസായ സ്ഥലങ്ങളിൽ മല വിസർജനമില്ലാത്ത നഗരങ്ങൾക്കും ശാസ്ത്രീയ ഖരമാലിന്യസംസ്കരണ സംവിധാനമുള്ള നഗരങ്ങൾക്കും സർവ്വേയിൽ ഉയർന്ന റാങ്ക് ലഭിച്ച കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. പരാമർശിത കാര്യങ്ങൾ സർവ്വേയിൽ ഉപയോഗിക്കപ്പെട്ട രണ്ട് സൂചകങ്ങളായിരുന്നു. |
| (ഇ) | എങ്കിൽ ഈ മേഖലയിൽ കേരളത്തിന്റെ പരിമിതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | സ്വച്ഛ് സർവേക്ഷന്റെ ഭാഗമായി നടത്തപ്പെടുന്ന സർവ്വേയിൽ വിവരം ശേഖരിക്കപ്പെടുന്ന പ്രധാന ഘടകങ്ങളായ (1) ഖരമാലിന്യ നിർമ്മാർജ്ജനം (2)വ്യക്തിഗത, കമ്മ്യൂണിറ്റി, പബ്ലിക്ക് ടോയ്‌ലറ്റുകൾ (3) വെളിയിട വിസർജ്ജന രഹിത സിറ്റി (4) വിവര വിജ്ഞാനവ്യാപനം, വിവരസാങ്കേതികവിദ്യ എന്നിവയിലധിഷ്ഠിതമായ സ്വച്ഛതാ ആപ്പ് എന്നീ സേവനങ്ങളുടെ സമയബന്ധിതവും ഗുണപരവുമായ നിർവഹണത്തിലും മാനേജ്മെന്റിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ആയതിലേക്കുള്ള നടപടികൾ സ്വീകരിച്ച് പോരായ്മകൾ പരിഹരിക്കുന്നതിനും ഉള്ള നിർദ്ദേശം ബന്ധപ്പെട്ട നഗരസഭകൾക്ക് നൽകിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ടോയ്‌ലറ്റ് സൗകര്യം ഒരുക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.<br>2017-18 വർഷത്തെ പദ്ധതി രൂപീകരണമാർഗ നിർദ്ദേശത്തിൽ നഗരസഭകൾ തങ്ങളുടെ വികസന ഫണ്ട് പൊതു വിഹിതത്തിൽ നിന്ന് കുറഞ്ഞത് 15% |

| | | | |
|---|---|---|---|
| | | | തുക മാലിന്യ സംസ്കരണമടക്കമുള്ള ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങൾക്കായി നിർബന്ധമായും വകയിരുത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായും ശുചിത്വ-മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾ നഗരസഭകളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനം ജനപങ്കാളിത്തത്തോടെ ചിട്ടയോടു കൂടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കി പൊതുജനങ്ങളിൽ വൃത്തി ഒരു സംസ്ക്കാരമാക്കി മാറ്റുവാനും സംസ്ഥാനത്തെ നഗരങ്ങൾ വൃത്തിയുള്ള കേന്ദ്രങ്ങളാക്കുവാനുമാണ് സർക്കാർ ശ്രമിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ